**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 145** **20-06-2024 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണ മേഖലയിൽ പുതുസംരംഭകർക്കായി പ്രത്യേക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ വി ജോയി,<br>ശ്രീ. എ. രാജ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | മൃഗസംരക്ഷണ മേഖലയിൽ പുതുസംരംഭകരെ ആകർഷിക്കുന്നതിനും അവർക്ക് സാങ്കേതിക സഹായങ്ങൾ ഉൾപ്പെടെ നൽകുന്നതിനുമായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | **ആവിഷ്കരിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ പുതുസംരംഭകർക്കായി എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത്; ഇതിനായി മറ്റ് വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ; | (ബി) | **2024-25 സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പിനായി 'സംരംഭകത്വവികസന സെൽ', 'സമഗ്ര ഫാം എയിഡ് പാക്കേജ്' എന്നീ പദ്ധതികൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. സംരംഭകത്വ വികസന സെൽ പദ്ധതിയ്ക്കായി മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, വെറ്ററിനറി സർവ്വകലാശാല, സ്റ്റാർട്ട് അപ്പ് മിഷൻ എന്നിവരുമായി സഹകരിച്ച് സംരംഭകർക്ക് വേണ്ടുന്ന പരിശീലനങ്ങൾ നൽകുവാനും നവസംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് പദ്ധതി മാർഗ്ഗരേഖകൾ തയ്യാറാക്കുവാനും, പുതു സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാങ്കേതിക സഹായങ്ങൾ നൽകുവാനും ലക്ഷ്യമിടുന്നു. സമഗ്ര ഫാം എയിഡ് പാക്കേജ് പദ്ധതിയ്ക്ക് കീഴിൽ ആരോഗ്യ പരിരക്ഷ, തീറ്റപ്പുൽകൃഷിയ്ക്ക് സഹായം, കാലിത്തീറ്റയ്ക്ക് ധനസഹായം, ഫാം ആധുനികവൽക്കരണം തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തുള്ള 45 ഇടത്തരം ഡയറി ഫാമുകൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകും.<br><br>ദേശീയ കന്നുകാലി മിഷൻ പദ്ധതിയുടെ ഭാഗമായി കോഴി വളർത്തൽ, ആട് വളർത്തൽ, പന്നി വളർത്തൽ, തീറ്റപ്പുൽ കൃഷി എന്നീ മേഖലകളിൽ വിവിധ സംരംഭകത്വ വികസന പദ്ധതികൾ കെ.എൽ.ഡി.ബോർഡ് വഴി നടപ്പിലാക്കി വരുന്നു. ഈ പദ്ധതികളിൽ അംഗമാകുന്ന സംരംഭകർക്ക്** |

| | | | |
|---|---|---|---|
| | | | **പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി വിഹിതത്തിന്റെ (capital subsidy) 50% വരെ സബ്സിഡി ലഭിക്കുന്നതാണ്. കെ.എൽ.ഡി.ബോർഡും മൃഗസംരക്ഷണ വകുപ്പും ചേർന്ന് സംയുക്തമായാണ് പുതുസംരംഭകരെ തെരഞ്ഞെടുക്കുന്നത്.**<br><br>**കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽ വിവിധ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ സംരംഭകത്വ ശീലം വളർത്താനും വിജയകരമായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അത് നല്ല രീതിയിൽ നടത്തിക്കൊണ്ട് പോകുന്നതിനും അതിൽ വരുമാനം കണ്ടെത്തുന്നതിനും വേണ്ടി** സംരംഭകത്വ ഡയറക്ടറേറ്റും അതിനു കീഴിൽ ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററും പ്രവർത്തിക്കുന്നുണ്ട്. ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററിന്റെ വിവിധ പ്രവർത്തനങ്ങളിലൂടെ പുതു സംരംഭകർക്കായി ഐഡിയേഷൻ പ്രോഗ്രാമുകൾ നടത്തുന്നു. നൂതന ആശയങ്ങൾ ലഭിക്കുന്നതിനും അത് മാർക്കറ്റിങ്ങ് തലത്തിൽ എത്തിക്കുന്നതിനും വേണ്ട ഇൻക്യുബേഷൻ സൗകര്യങ്ങളും ബിസിനസ് ഇൻക്യുബേഷൻ സെന്റർ ഒരുക്കുന്നു. സർവ്വകലാശാല, മറ്റു വിവിധ സാങ്കേതിക സ്ഥാപനങ്ങൾ, മറ്റ് സമാന സർക്കാർ സർക്കാരിതര വകുപ്പുകൾ, സംഘടനകൾ, ഏജൻസികൾ എന്നിവരെ എല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ട് നവീന ആശയങ്ങൾക്ക് എല്ലാവിധ സാങ്കേതിക ശാസ്ത്രീയ സഹായവും നൽകുന്നുണ്ട്. കൂടാതെ സർക്കാരിന്റെ യംഗ് ഇന്നവേഷൻ പ്രോഗ്രാമിന് കീഴിൽ ഐ.ഇ.ഡി.സി (IEDC-Institutional Entrepreneurship Development Cell) സെന്ററുകൾ ഓരോ കോളേജുകളിലും യൂണിവേഴ്സിറ്റി തലത്തിൽ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിലൂടെ മൃഗസംരക്ഷണ മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ? | (സി) | സംരംഭകത്വ വികസന സെൽ എന്ന പദ്ധതി നടപ്പിലാകുന്നതോടെ കൂടുതൽ സംരംഭകർ മൃഗസംരക്ഷണ മേഖലയിലേയ്ക്ക് കടന്നുവരാനും അവരെ ഈ മേഖലയിൽ നിലനിർത്തുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്തുനൽകാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സമഗ്ര ഫാം എയ്ഡ് പാക്കേജ് പദ്ധതി നടപ്പിലാക്കുക വഴി തുടക്കമെന്ന നിലയിൽ സംസ്ഥാനത്തുള്ള 45 ഇടത്തരം ഡയറി ഫാമുകൾക്കാവശ്യമായിട്ടുള്ള സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ ലഭ്യമാകും.<br><br>ദേശീയ കന്നുകാലി മിഷൻ പദ്ധതിയുടെ ഭാഗമായി നടത്തുന്ന വിവിധ സംരംഭകത്വ വികസന |

| | | | |
|---|---|---|---|
| | | | പദ്ധതിയിലൂടെ രോഗമുക്തമായതും മികച്ച ഉൽപ്പാദന ശേഷിയുള്ളതുമായ കോഴി, ആട്, പന്നി എന്നിവയെ കൂടുതലായി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുന്നതാണ്.<br><br>എന്റർപ്രണർഷിപ്പ് സെന്ററുകളിലൂടെ പുതു സംരംഭകർക്കും കർഷകർക്കും തൊഴിലില്ലാത്തവർ, തൊഴിലന്വേഷകർ എന്ന നിലയിൽ നിന്ന് മാറി തൊഴിൽ ദാതാക്കൾ ആകാനുള്ള അവസരം ലഭിക്കുന്നു. കൂടാതെ ഫാർമേഴ്സ് പ്രൊഡ്യൂസിങ് ഓർഗനൈസേഷൻസ് (Farmers Producing Organizations) രൂപീകരിച്ച് അവയ്ക്ക് എല്ലാ സാങ്കേതിക സഹായങ്ങളും നൽകി ഉത്പന്ന നിർമാണത്തിൽ ചെറുകിട മുതൽ വൻകിട വ്യവസായ യൂണിറ്റുകൾ ആക്കി മാറ്റുന്നതുവരെയുള്ള സാങ്കേതിക സഹായവും പിന്തുണയും നൽകാൻ കഴിയും.<br><br>കേരളത്തിൽ പാൽ, മുട്ട, മാംസാധിഷ്ഠിത മൂല്യ വർദ്ധിത ഉത്പന്നങ്ങൾക്കുള്ള വിപണി സാധ്യത കൂടി മനസിലാക്കി, പുതിയ ആശയങ്ങൾ കൊണ്ടുവന്ന്, ഭക്ഷ്യ സുരക്ഷ, പോഷക സുരക്ഷ കൂടുതൽ തൊഴിലവസരങ്ങൾ തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ